ഉത്തരം

1985-86 സാമ്പത്തിക വർഷത്തിൽ പുതുതായി 103 അവശ സർക്കസ് കലാകാരൻമാർക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ട്.

പ്രാഥമിക സഹകരണ സംഘങ്ങൾ

965. [1409] ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ :
,, എ. വി. അബ്ദുൽ റഹിമാൻ ഹാജി :
,, പി. കെ. കെ. ബാവ :
,, പി. എം. അബൂബക്കർ :
,, ഇ. ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ വകുപ്പിന്റെ അധികാരപരിധിയിൽ എത്ര പ്രാഥമിക സഹകരണ സംഘങ്ങൾ ഉണ്ട് ;

(ബി) അവയിൽ എത്രയെണ്ണം ഇപ്പോൾ പ്രവർത്തിക്കുന്നു ;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം രൂപീകരിച്ച പ്രാഥമിക സഹകരണ സംഘങ്ങളെത്ര ?

ഉത്തരം

(എ) 7,979 പ്രാഥമിക സഹകരണ സംഘങ്ങൾ ഉണ്ട് (30-6-1986-ലെ കണക്ക് പ്രകാരം).

(ബി) 7557 എണ്ണം.

(സി) 815 എണ്ണം (25-5-1982 മുതൽ 30-9-1986 വരെ)

പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ

966 [1412] ശ്രീ. സി. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ ;

(ബി) ഈ ഓരോ സഹകരണ സംഘത്തിനും ആകെ എത്ര തുക ഗവൺമെന്റ് ഗ്രാന്റായും ലോണായും കൊടുത്തിട്ടുണ്ട് ;

(സി) ഹരിജൻ സഹകരണ സംഘങ്ങളുടെ പേരും ഓരോ സഹകരണ സംഘത്തിനും കൊടുത്ത ലോണും ഗ്രാന്റും പ്രത്യേകം ജില്ല തിരിച്ചു വ്യക്തമാക്കുമോ ?

ഉത്തരം

(എ) വ്യക്തമാക്കാം. ജില്ല തിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു.

	പട്ടികജാതി സഹകരണ സംഘം	പട്ടികവർഗ്ഗ സഹകരണ സംഘം
തിരുവനന്തപുരം	104	14
കൊല്ലം	67	5

LIBRARY ARCHIVES Kerala Legislative Assembly

	പട്ടികജാതി സഹകരണ സംഘം	പട്ടികവർഗ്ഗം സഹകരണ സംഘം
കോട്ടയം	28	4
പത്തനംതിട്ട	43	4
ആലപ്പുഴ	59	2
എറണാകുളം	54	..
ഇടുക്കി	13	11
പാലക്കാട്	40	9
തൃശ്ശൂർ	60	3
മലപ്പുറം	34	1
കോഴിക്കോട്	19	2
വയനാട്	4	18
കണ്ണൂർ	15	3
കാസർകോട്	12	2
	552	78

(ബി,സി) വിവരം ശേഖരിച്ചു വരുന്നു.

ഗവൺമെൻറ് ഉത്തരവിന്റെ ഉള്ളടക്കം

967. [1413] ശ്രീ. സി. കെ. തങ്കപ്പൻ :
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
,, വി. ജെ. തങ്കപ്പൻ :
,, ടി. കെ. അറുമുഖൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജി. ഒ. (ആർ. ടി.) നമ്പർ 316/86/കോ-ഓപ്പ്. ആയി 1986 ജൂലൈ 30-ന് ഒരു ഉത്തരവ് ഇറക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ കോപ്പി മേശപ്പുറത്ത് വയ്ക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) മേശപ്പുറത്ത് വച്ചിട്ടുണ്ട്. †

ബാലവാടി അദ്ധ്യാപികമാർക്ക് ശമ്പളം കിട്ടിയിട്ടില്ലെന്ന പരാതി

968. [1415] ശ്രീ. സി. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഒൻപതു മാസമായിട്ടും ശമ്പളം കിട്ടാത്ത ബാലവാടി അദ്ധ്യാപികമാർക്ക് ശമ്പളം കൊടുക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly